

# വിഭവസമാഹരണത്തിൽ അഴിമതിയുടെ അപകടസൂചനകൾ അറിയുക

## വിവരപത്രം

പൊതുജനങ്ങളുടെ പണം ഉപയോഗിച്ചുള്ള വലിയ സാമ്പത്തിക ഇടപാടുകൾ നടക്കുന്നതിനാൽ പൊതുമേഖലയിലെ വിഭവസമാഹരണത്തിൽ അഴിമതി സാദ്ധ്യതകൾ ഉണ്ടാകുന്നു.

വിഭവസമാഹരണത്തിലെ അഴിമതി ന്യായയുക്തമായ മത്സരസാദ്ധ്യത ഇല്ലാതാക്കുന്നതിനും വിലവർദ്ധനവിനും പൊതുമേഖലയുടെ സത്യനിഷ്ഠയിലുള്ള വിശ്വാസ്യത കുറയുന്നതിനും കാരണമാകുന്നു.

### ജാഗ്രതയുള്ളവരായിരിക്കുക

നമുക്കറിയാം വിഭവസമാഹരണത്തിൽ വിതരണക്കാരെ കണ്ടെത്തുന്നതു മുതൽ കരാർ നിർവഹണവും കരാർ തുക കൈമാറുന്നതുവരെയും ഏതു ഘട്ടത്തിലും അഴിമതി ഉണ്ടാകാം.

വിഭവസമാഹരണത്തിലെ അപകടസാദ്ധ്യതകളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് നിർണ്ണായകമാണ്. അതുവഴി നിങ്ങൾക്ക് സംശയാസ്പദമായ പ്രവർത്തനങ്ങൾ തിരിച്ചറിയുവാനും അവ റിപ്പോർട്ട് ചെയ്യുവാനും കഴിയും.

### നിങ്ങൾ ഐ ബി എ സി (IBAC) യിൽ റിപ്പോർട്ട് ചെയ്യുന്നത് വിഭവസമാഹരണത്തിലെ അഴിമതി തടയുവാൻ സഹായിക്കും

IBAC വിക്ടോറിയയിൽ അഴിമതി നിരോധനത്തിനും പോലീസ് സേനയുടെ നിരീക്ഷണത്തിനുമുള്ള സ്വതന്ത്ര ഏജൻസിയാണ്. പൊതുമേഖലയിലെ അഴിമതിയും പോലീസ് സേനയിലെ



ibac | Strengthening Victoria's Integrity

ദുർനടപടികളും തടയുകയും പരസ്യപ്പെടുത്തുകയും അതുവഴി നമ്മുടെ സംസ്ഥാനത്തിനുള്ളിൽ സത്യനിഷ്ഠമായ പ്രവർത്തനരീതി ശക്തിപ്പെടുത്തുകയുമാണ് ഞങ്ങളുടെ കർത്തവ്യം.

പൊതുമേഖലയിലെ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും വിതരണക്കാരിൽ നിന്ന് സമാഹരിക്കുമ്പോൾ ഉണ്ടായേക്കാവുന്ന അഴിമതി സാദ്ധ്യതകൾ തടയുക എന്നതാണ് ഞങ്ങളുടെ പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ഒരു ഘടകം.

നിങ്ങൾ തദ്ദേശ സ്വയംഭരണം, വിക്ടോറിയൻ പോലീസ് എന്നിവയുൾപ്പെടെയുള്ള ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ഉദ്യോഗസ്ഥരായോ വിതരണക്കാരായോ ജോലി ചെയ്യുന്നുണ്ടെങ്കിൽ, വിഭവസമാഹരണ പ്രക്രിയയിൽ ഉണ്ടായേക്കാവുന്ന അപകടസാദ്ധ്യതകളെക്കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണം. അഴിമതി സാദ്ധ്യതകൾ കാണുമ്പോൾ അവയെ തിരിച്ചറിയുവാനും പുറത്തുകൊണ്ടുവരുവാനും കുറയ്ക്കുവാനും എങ്ങനെ സാധിക്കും എന്നുള്ളതും നിങ്ങൾ അറിഞ്ഞിരിക്കണം.

## പലപ്പോഴും ചോദിക്കപ്പെടുന്ന ചോദ്യങ്ങൾ

### ചോ: എന്താണ് വിഭവസമാഹരണം?

ഉ: വിഭവസമാഹരണം എന്നത് പുറമേയുള്ള സ്രോതസ്സുകളിൽ നിന്ന് സാധനങ്ങളോ സേവനങ്ങളോ വാങ്ങുന്നതിനുള്ള നടപടിക്രമമാണ്. വിതരണക്കാരെ കണ്ടെത്തൽ, കരാർ സംബന്ധമായ ചർച്ചകൾ, വിതരണക്കാരുമായുള്ള ഉടമ്പടികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആവശ്യമായ സാധനങ്ങളും സേവനങ്ങളും ഏറ്റവും മിതമായ നിരക്കിലും നടപടിക്രമങ്ങളിൽ ന്യായവും സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കിക്കൊണ്ടും കണ്ടെത്തുക എന്നതാണ് വിഭവസമാഹരണത്തിന്റെ ലക്ഷ്യം.

### ചോ: വിഭവസമാഹരണത്തിൽ എങ്ങനെയാണ് അഴിമതി സംഭവിക്കുന്നത്?

ഉ: വ്യക്തികൾ അവരുടെ അധികാരം ദുർവിനിയോഗപ്പെടുത്തുകയും വ്യക്തിഗത നേട്ടങ്ങൾക്കായി സമാഹാരപ്രക്രിയയിൽ അനധികൃതമായി ഇടപെടുകയും ചെയ്യുമ്പോഴാണ് വിഭവസമാഹരണത്തിൽ അഴിമതി ഉണ്ടാകുന്നത്. കൈക്കൂലി, ടെണ്ടർ നടപടിയിലെ വഞ്ചന, പക്ഷപാതം, പൊതുമേഖലാ ഉദ്യോഗസ്ഥരും വിതരണക്കാരും തമ്മിൽ ഗൂഢാലോചന എന്നിവയെല്ലാം അഴിമതിയിൽ സാധാരണമായി കണ്ടുവരുന്ന ചില രീതികളാണ്. ഉദാഹരണത്തിന്, ഒരു ഉദ്യോഗസ്ഥൻ ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെ ഒരു വിതരണക്കാരന് കരാർ നൽകുന്നതിനു പകരമായി അവരിൽ നിന്നും കൈക്കൂലി സ്വീകരിച്ചു എന്നുവരാം.

### ചോ: വിഭവസമാഹരണത്തിലെ വഞ്ചന എങ്ങനെയുള്ളതാണ്?

ഉ: സാമ്പത്തികമോ മറ്റേതെങ്കിലും നേട്ടങ്ങൾക്കോ വേണ്ടി ഒരു വ്യക്തി മനഃപൂർവ്വം ചതിയും അസത്യവും പ്രവർത്തിക്കുമ്പോഴാണ് വഞ്ചന ആകുന്നത്. ഇത് വിഭവസമാഹരണത്തിലെ അഴിമതിയിൽ സാധാരണമായി കണ്ടുവരുന്ന ഒരു രീതിയാണ്.

വഞ്ചനാപരമായ പ്രവർത്തനങ്ങൾ പൊതുമേഖലാസ്ഥാപനങ്ങൾക്ക് സാമ്പത്തിക നഷ്ടവും ദുഷ്പ്പേരും ഉണ്ടാകുവാൻ കാരണമാകും. അത് സർക്കാർ സ്ഥാപനങ്ങളിലും സേവനങ്ങളിലും ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുത്തുകയും ചെയ്യും.

വിഭവസമാഹരണത്തിലെ വഞ്ചനയിൽ സാധാരണമായി കണ്ടുവരുന്ന ചില ഉദാഹരണങ്ങൾ:

- പണം മോഷ്ടിക്കുക
- ഉപകരണങ്ങളും മറ്റു സ്വത്തുവകകളും ഉദ്യോഗസ്ഥർ മോഷ്ടിക്കുക
- വിലവിവരപ്പട്ടികയിൽ കൃത്രിമം കാണിക്കുക
- പൊതുമുതൽ ദുർവിനിയോഗം ചെയ്യുക
- സാമ്പത്തികറിപ്പോർട്ടുകളിൽ കൃത്രിമം കാണിക്കുക.

### ചോ: നിങ്ങൾ ശ്രദ്ധിക്കേണ്ട അപകടസൂചനകൾ എന്തെല്ലാം?

ഉ: വിഭവസമാഹരണത്തിൽ അഴിമതിയുടെയും വഞ്ചനയുടെയും സാന്നിദ്ധ്യം ഉണ്ടാകാം എന്നു സൂചിപ്പിക്കുന്ന നിരവധി അപകടലക്ഷണങ്ങൾ ഉണ്ട്. താഴെപ്പറയുന്നവ ഇതിലുൾപ്പെടും:

- വിഭവസമാഹരണ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ ചില പ്രത്യേക വിതരണക്കാരോടും കോൺട്രാക്ടർമാരോടും പക്ഷപാതം

കാണിക്കുക

- ഉദ്യോഗസ്ഥർ വിരുദ്ധതാല്പര്യങ്ങൾ പ്രസ്താവിക്കാതിരിക്കുകയോ, വിതരണക്കാരിൽ നിന്ന് സമ്മാനങ്ങളും മറ്റ് ആനുകൂല്യങ്ങളും സ്വീകരിക്കുകയോ ചെയ്യുക
- അംഗീകൃത വിഭവസമാഹരണ നടപടിക്രമങ്ങൾ പാലിക്കുന്നതിലും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുക
- വിതരണക്കാരുടെ തിരഞ്ഞെടുപ്പ്, പണമിടപാട് മുതലായ നടപടികളിൽ സുതാര്യത ഇല്ലാതിരിക്കുക
- പക്ഷപാതപരമായ ടെണ്ടർ നടപടികൾ, മത്സരത്തിന്റെ അഭാവം, ഗുണനിലവാരമില്ലാത്ത സാധനങ്ങളും സേവനങ്ങളും എന്നിവയെക്കുറിച്ച് ജീവനക്കാരിൽ നിന്നോ വിതരണക്കാരിൽ നിന്നോ സമൂഹത്തിൽ നിന്നോ പരാതി ഉണ്ടാകുക
- സംശയകരമായ വിലവിവരപ്പട്ടിക, ഉദാഹരണത്തിന് നിരക്കുകൾ കൂട്ടിക്കാണിക്കുകയോ നല്കിയിട്ടില്ലാത്ത സാധനങ്ങൾക്കും സേവനങ്ങൾക്കും ബില്ലുകൾ സമർപ്പിക്കുകയോ ചെയ്യുക.

കരുതലോടെയിരിക്കുകയും ഈ അപകടസൂചനകൾ തിരിച്ചറിയുകയും ചെയ്യുന്നത് വിഭവസമാഹരണത്തിലെ അഴിമതി കണ്ടുപിടിക്കുന്നതിനും തടയുന്നതിനും നിർണ്ണായകമാണ്.

## ചോ: സ്ഥാപനങ്ങൾക്ക് വിഭവസമാഹരണത്തിൽ അഴിമതിയുണ്ടാകാനുള്ള അപകടസാദ്ധ്യത എങ്ങനെ കുറയ്ക്കുവാൻ സാധിക്കും?

ഉ: വിഭവസമാഹരണത്തിൽ അഴിമതിയുണ്ടാകാനുള്ള അപകടസാദ്ധ്യത കുറയ്ക്കുവാൻ സ്ഥാപനങ്ങൾക്ക് നിരവധി നടപടികൾ എടുക്കാൻ കഴിയും. താഴെപ്പറയുന്നവ ഇതിലുൾപ്പെടും:

- വിഭവസമാഹരണത്തിനുള്ള വ്യക്തമായ നയങ്ങളും നടപടിക്രമങ്ങളും ഉണ്ടായിരിക്കുക
- വിക്ടോറിയയിലെ പൊതുമേഖലാ മാനദണ്ഡങ്ങൾ പ്രോത്സാഹിപ്പിക്കുകയും അനുസരിക്കുകയും ചെയ്യുക
- നൈതികമായ വിഭവസമാഹരണ നടപടിക്രമങ്ങളിൽ പതിവായി പരിശീലനം നൽകുക
- ഉദ്യോഗസ്ഥർക്ക് ആശങ്കയുള്ള കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി സ്വകാര്യത ഉറപ്പാക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കുക
- കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നടപ്പിലാക്കുകയും വിഭവസമാഹരണത്തിലെ കടമകൾ വേർതിരിക്കുകയും ചെയ്യുക
- വിഭവസമാഹരണ പ്രവർത്തനങ്ങൾ യാദൃച്ഛികമായും ക്രമാനുസൃതമായ ഇടവേളകളിലും നിരീക്ഷിച്ചു വിലയിരുത്തുക
- വിതരണക്കാരോട് ബന്ധപ്പെടുന്നതിന് മുൻപുതന്നെ തികഞ്ഞ ജാഗ്രതയോടു കൂടി പെരുമാറുക
- ടെണ്ടർ നടപടികളിൽ മത്സരവും ന്യായയുക്തമായ സമീപനവും പ്രോത്സാഹിപ്പിക്കുക.

# അഴിമതി എപ്പോൾ കണ്ടാലും അത് റിപ്പോർട്ട് ചെയ്യുക എന്നത് നിങ്ങളുടെ കടമയാണ്.

**നിങ്ങളുടെ ജോലിസ്ഥലത്ത് വിരുദ്ധതാല്പര്യങ്ങൾ ശരിയായ രീതിയിൽ പ്രസ്താവിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നില്ല എന്നു നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, നിങ്ങൾ അത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.**

**പൊതുമേഖലയിൽ ജനങ്ങൾക്കുള്ള വിശ്വാസം സംരക്ഷിക്കുന്നതിലും സത്യനിഷ്ഠ കാത്തുസൂക്ഷിക്കുന്നതിലും IBAC പ്രതിജ്ഞാബദ്ധരാണ്.**

റിപ്പോർട്ട് ചെയ്യുവാൻ സുരക്ഷിതമായ ഓൺലൈൻ ഫോറം പൂരിപ്പിക്കുന്നതിന് സന്ദർശിക്കുക **www.ibac.vic.gov.au**

നിങ്ങൾക്ക് ഓൺലൈൻ ഫോറം തുറക്കാൻ സാധിക്കുന്നില്ലെങ്കിൽ കൂടുതൽ സഹായത്തിനായി **1300 735 135** എന്ന നമ്പറിൽ ഞങ്ങളെ വിളിക്കുക.

Interpreter

നിങ്ങൾക്ക് വിവർത്തനസഹായം ആവശ്യമുണ്ടെങ്കിൽ **13 14 50** എന്ന നമ്പറിൽ പരിഭാഷാ-ആഖ്യാന സേവനവുമായി ബന്ധപ്പെടുക, അല്ലെങ്കിൽ **www.ibac.vic.gov.au/mylanguage** സന്ദർശിക്കുക



ഓഗസ്റ്റ് 2023